# പതിനാലാം കേരള നിയമസഭ
## (പതിമൂന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1512** **03.12.2018-ൽ മറുപടിയ്ക്ക്**

**<u>മത്സ്യ മേഖലയിൽ വനിതകൾക്ക് പുതിയ സ്വയം സംരംഭങ്ങൾ</u>**

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മത്സ്യ മേഖലയിൽ ആയിരം വനിതകൾക്ക് പുതിയ സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | എ) സാഫ് മുഖേന ആയിരം മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ (Micro Enterprises) ആരംഭിക്കുന്നതിന് 750 ലക്ഷം രൂപ 2018-19 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. 2 മുതൽ 4 വരെ അംഗങ്ങൾ അടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 3 ലക്ഷം രൂപ വരെ (പരമാവധി 75,000/- രൂപ ഒരു മത്സ്യത്തൊഴിലാളി വനിതയ്ക്ക്) തിരിച്ചടയ്ക്കാത്ത ഗ്രാന്റായി നൽകുന്നു. |
| ബി) ഇടനിലക്കാരില്ലാതെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം വിൽക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | ബി) ഗുണമേന്മയുള്ള മത്സ്യം ന്യായവിലയ്ക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് 31 ഫിഷ്മാർട്ടുകൾ പ്രവർത്തിച്ചുവരുന്നു. ഈ മാർട്ടുകളിൽ മത്സ്യം സഹകരണ സംഘങ്ങൾ വഴിയും പൊതു വിപണിയിൽ നിന്നും സംഭരിച്ചുമാണ് നൽകി വരുന്നത്. ഇതു കൂടാതെ അന്നന്നുള്ള മത്സ്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടു കൂടി അന്തിപ്പച്ചയെന്ന മൊബൈൽ ഫിഷ്മാർട്ട് തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. ആയത് മറ്റുജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. ഇടനിലക്കാരെ നിയന്ത്രിക്കുന്നതിന് പിടിച്ചെടുത്ത മത്സ്യം, ഗുണനിലവാരത്തോടെ അവസാനത്തെ ഉപഭോക്താവിലെത്തിക്കുന്നതിന് ഉദ്ദേശിച്ച് മത്സ്യലേലം, മത്സ്യവിപണനം ഗുണനിലവാരം ബിൽ കൊണ്ടുവരുന്നതാണ്. |
| സി) മത്സ്യത്തൊഴിലാളികളെ കോസ്റ്റൽ വാർഡർമാരായി നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ? | സി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത ദുരന്തത്തിന് ഇരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി 14 തീരദേശ പോലീസ് സ്റ്റേഷനുകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്നും 200 പേരെ ഒരു |

വർഷത്തേക്ക് നിയമിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കായി തീരദേശ പോലീസ്സ്റ്റേഷനുകളിൽ 200 കോസ്റ്റൽ വാർഡൻമാരെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ആഫീസർ**